ഹരിതകേരളം മിഷൻ
കേരളസർക്കാർ

15.11.2017

## പ്രസിദ്ധീകരണത്തിന്

# മാലിന്യ സംസ്കരണ പദ്ധതി നിർവഹണത്തിന് ഇത് അനുകൂല സമയം

**ഡോ. ടി എൻ സീമ**

സംസ്ഥാനത്തെ സമഗ്ര മാലിന്യ രഹിത സംസ്ഥാനമാക്കി മാറ്റാനുള്ള ചരിത്ര നിയോഗത്തിൽ ആണ് ഹരിതകേരളം മിഷനും ശുചിത്വ മിഷനും ഏർപ്പെട്ടിരിക്കുന്നതെന്നും ഇത്രയ്ക്ക് അനുകൂലമായൊരു അവസരം ഇനി വരാനില്ലെന്നും ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ. സീമ അഭിപ്രായപ്പെട്ടു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കില, ശുചിത്വ മിഷൻ എന്നിവയുമായി ചേർന്ന് സമഗ്ര ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതികൾ തയ്യാറാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്കായി തൃശൂർ കില ആസ്ഥാനത്ത് സംഘടിപ്പിച്ച ശിൽപശാലയിൽ സംസാരിക്കുകയായിരുന്നു ഡോ. ടി എൻ സീമ. തദ്ദേശ ഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കുമ്പോൾ തർക്കം ഉാകുന്ന അപൂർവ്വം സ്ഥലങ്ങളിൽ വേത്ര ബോധവൽക്കരണത്തിലൂടെ പദ്ധതി മുന്നോട്ടു കൊുപോകണമെന്നും ഹരിതകേരളം മിഷൻ ഉപാധ്യക്ഷ നിർദ്ദേശിച്ചു.

നവംബർ ഒന്നിന് തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉത്ഘാടനം ചെയ്ത സമഗ്ര ശുചിത്വ മാലിന്യസംസ്കരണ പദ്ധതികൾ ജനുവരിയോടെ പൂർണതോതിൽ പ്രവർത്തന പഥത്തിലെത്തുമെന്നു പ്രതീക്ഷിക്കുന്നതായി ശില്പശാലയിൽ ആമുഖ അവതരണം നടത്തിയ ഹരിത കേരളം മിഷൻ സാങ്കേതിക ഉപദേഷ്ടാവ് ഡോ. ആർ അജയകുമാർ വർമ്മ പറഞ്ഞു. സമഗ്ര ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾ സംബന്ധിച്ച് എല്ലാ ജില്ലകളിൽ നിന്നുമുള്ള അവതരണം ശിൽപ്പശാലയിൽ നടന്നു നിലവിലുള്ള പദ്ധതികളുടെ മെച്ചപ്പെടുത്തൽ, സമഗ്ര ശുചിത്വ മാലിന്യ സംസ്കരണത്തിനായി പുതിയ പദ്ധതികളുടെ രൂപീകരണം എന്നിവയും ചർച്ചാവിഷയമായി. പദ്ധതികളിൽ ശുചിത്വമിഷൻ ക്ലീൻ കേരള കമ്പനി എന്നിവയുടെ ഇടപെടൽ, സാധ്യത എന്നീ വിഷയങ്ങളും വിശദമായി ചർച്ചചെയ്തു. പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച ക്രോഡീകരണം ശുചിത്വ മിഷൻ ഡയറക്ടർ ശ്രീ എൽ.പി. ചിത്തർ നടത്തി.

ജില്ലാ തല തദ്ദേശഭരണ സ്ഥാപനങ്ങളിലെ ശുചിത്വ മാലിന്യ സംസ്കരണ മേഖലയിലെ തുടർ പ്രവർത്തങ്ങൾ സംബന്ധിച്ച് ഹരിത കേരള മിഷൻ കൺസൾട്ടന്റ് ശ്രീ എൻ ജഗജീവൻ വിദഗ്ദ്ധ നിർദ്ദേശങ്ങൾ നൽകി വിശദമായ ചർച്ചക്കും ഗ്രൂപ്പ് തല ചർച്ചകൾക്കും ശേഷം ജില്ലാ തല തുടർ പ്രവർത്തന പരിപാടികൾ സംബന്ധിച്ച് അവതരണവും നടന്നു. ജൈവ മാലിന്യ സംസ്കരണത്തിന് വിജയകരമായി പദ്ധതികൾ നിർവഹിച്ചു വരുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അനുഭവ സാക്ഷ്യങ്ങൾ ശില്പശാലയിൽ ശ്രദ്ധേയമായി. ഇ-വേസ്റ്റ്, പ്ലാസ്റ്റിക് തുടങ്ങിയ അജൈവ മാലിന്യ സംസ്കരണ പദ്ധതികൾക്ക് പ്രത്യേക പരിഗണന നൽകിയാണ് എല്ലാ ജില്ലകളും തുടർ പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നത്. അജൈവ മാലിന്യ സംസ്കരണ പദ്ധതി നിർവഹണത്തിന് ക്ലീൻ കേരള കമ്പനിക്ക് നല്കാനാവുന്ന സഹായ സേവനങ്ങൾ സംബന്ധിച്ച് കമ്പനി മാനേജിങ് ഡയറക്ടർ ശ്രീ.കബീർ ബി ഹാറൂൺ ശില്പശാലയിൽ വിശദമാക്കി ഹരിതകേരളം മിഷൻ കൗൺസൾറ്റന്റ് ശ്രീ.ടി.പി. സുധാകരൻ ശില്പശയിൽ മോഡറേറ്റർ ആയിരുന്നു തൃശൂർ മുളങ്കുന്നത്തുകാവിലെ കില ആസ്ഥാനത്ത് ഇന്നലെ 14.11. 2017 ആരംഭിച്ച ദ്വിദിന ശിൽപശാല ഇന്ന് സമാപിച്ചു എല്ലാ ജില്ലകളിലിൽ നിന്നുമുള്ള തദ്ദേശ ഭരണ സ്ഥാപന പ്രതിനിധികൾ, ഹരിത കേരളം,ശുചിത്വ മിഷൻ എന്നിവിടങ്ങളിൽ നിന്നുമുള്ള കോർഡിനേറ്റർമാർ,റിസോഴ്സ് പേഴ്സൺമാർ, ഉദ്യോഗസ്ഥർ തുടങ്ങി ഇരുന്നൂറോളംപേർ ശില്പശാലയിൽ പങ്കെടുത്തു.

Sd/-
ഡോ. ടി എൻ സീമ
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം - 695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in